2. സർ, കേരള വനം (ഭേദഗതി) ബിൽ, 1986-നെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

Minister for Law & Irrigation (**Shri K.M. Mani**) :

Sir, I present the report of the Subject Committee on the Kerala Command Areas Development Bill, 1986.

VI ധനകാര്യം

1986-87-ലെ സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, 1986-87-ലെ സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അതിനുവേണ്ടിയാണ് ഇപ്പോഴം ഇത് മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഈ സഭ വിളിച്ചുകൂട്ടിയത് 20-ാം തീയതിയാണ്. 18-ാം തീയതിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതും കണ്ടിൻജൻസി ഫണ്ടിൽനിന്നും കോടിക്കണക്കിന് പണം ചെലവ് ചെയ്യാനുള്ള ഓർഡിനൻസാണ് പുറപ്പെടുവിച്ചത്. നിയമസഭ സമൻ ചെയ്യുന്നതിന് നോട്ടീസ് വന്നശേഷം പുറപ്പെടുവിക്കുന്ന ഓർഡിനൻസ് ഇംപ്രോപ്പ്രറാണ്. ഈ നടപടി ഇംപ്രോപ്പ്രറായിട്ടുള്ളതാണ്. ഇരുപതാം തീയതി വിളിച്ചുകൂട്ടിയ സഭയുടെ തലേ ദിവസം കോടിക്കണക്കിന് രൂപയുടെ ചെലവ് വരുന്ന കണ്ടിൻജൻസി ഓർഡിനൻസ്, അതും നമ്മുടെ സഞ്ചിത നിധിയിൽനിന്നും, കോടിക്കണക്കിന് രൂപ ചെലവ് ചെയ്യാൻ ഗവൺമെന്റിന് അധികാരം നൽകുന്ന ഒരു ഓർഡിനൻസാണ് 18-ാം തീയതി നിശയുടെ നടുവിൽ പുറപ്പെടുവിച്ചത്. സർ, ഇത് ഈ സഭയോടുള്ള അവഹേളനമാണ്. ഗവൺമെന്റിന് എന്തുകൊണ്ട് 24 മണിക്കൂർ വെയിറ്റ് ചെയ്തുകൂടാ. സഭയ്ക്കുള്ളിൽ ഭൂരിപക്ഷമുണ്ട്. അതുകൊണ്ട് 20-ാം തീയതി ഒരു ബിൽ അവതരിപ്പിച്ച് ചർച്ച ചെയ്തത് ആ പണചെലവ് സംബന്ധിച്ച സഭയുടെ അഭിപ്രായം അറിഞ്ഞശേഷം ഈ കോടിക്കണക്കിന് രൂപ ചെലവ് ചെയ്യുന്നത് അല്ലേ മര്യാദ. ഈ മര്യാദകേട് ഞങ്ങളോട് കാണിക്കണമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സഭയോടുള്ള അനാദരവ് കൊണ്ടല്ല ഈ ഓർഡിനൻസ് കൊണ്ടുവന്നത്. ഇവിടെ അപ്രതീക്ഷിതമായി വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 10 കോടി രൂപയും ട്രാൻസ്പോർട്ടിന് സെപ്റ്റംബർ മാസം ഓണത്തിന് ബോണസ് കൊടുക്കുന്നതിനുവേണ്ടി 4 കോടി രൂപയും വച്ചിരുന്നു. സഭ പാസ്സാക്കി തന്നത് 15 കോടി രൂപയാണ്. അങ്ങനെയിരുന്ന ഒരു പ്രത്യേക സാഹചര്യത്തിലാണ് സൗജന്യ റേഷൻ കൊടുത്തതുകൊണ്ട് ആ കാശ് കൊടുക്കാതിരുന്നത്. അതിന് ബഡ്ജറ്റിൽ വകയില്ല. അത്യാവശ്യമായി കണ്ടിൻജൻസി ഫണ്ടിൽനിന്നും ഇത് ചെയ്തില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്കാകെ റേഷൻ മുടങ്ങുന്ന ഒരു പ്രത്യേക സാഹചര്യം വന്നു. അതുകൊണ്ട് സഭകൂടുന്ന അവസരത്തിൽ ആണെങ്കിൽ ഇത് കൊണ്ടുവന്ന് കഴിഞ്ഞാൽ നാളെ, 10-ാം തീയതി നമ്മൾ സപ്ലിമെന്ററി ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിക്കഴിഞ്ഞാൽ അത് ഡ്രാ ചെയ്യുന്നില്ലെങ്കിൽ സ്വാഭാവികമായും ഗവൺമെന്റ് അസൈൻ ചെയ്യുതുവരുമ്പോഴേക്കും 15-ാം തീയതിയോളമാകും. അങ്ങനെയൊരു പ്രത്യേകമായ സാഹചര്യത്തിൽ ഒരു കരുതൽ നടപടിയെന്ന നിലയിൽ, കേരളത്തിലെ റേഷൻകടക്കാർക്ക്.....ഈ സഭയിൽതന്നെ ഒരു പ്രാവശ്യം ഇതുപോലെ കണ്ടിൻജൻസി ബിൽ കൊണ്ടുവന്നപ്പോഴും, സപ്ലിമെന്ററി ഡിമാൻറ് വരുമ്പോഴേക്ക് ലാപ്സാകും. നമ്മൾ സഭയുടെ സമയം വെറുതെ കളയുന്നതെന്തിനാണെന്ന് പറഞ്ഞുകൊണ്ട് സഭയുടെ പ്രതിപക്ഷ മെമ്പറൻമാർ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെയൊരു പ്രത്യേക സാഹചര്യത്തിലാണ് ഇതുണ്ടായിട്ടുള്ളത്. അല്ലാതെ സഭയോടുള്ള അനാദരവിന്റെ അടിസ്ഥാനത്തിലല്ല. 10-ാം തീയതി സപ്ലിമെന്ററി ഡിമാൻറ് പാസ്സാക്കുന്നതോടുകൂടി ഈ ഓർഡിനൻസ് ലാപ്സാകുകയും ചെയ്യും.

11 a.m.] മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു. ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്റർ അതിന് നിലപാട് വിശദീകരിക്കുകയും ചെയ്തു. അത് ഒരു പ്രത്യേകമായ സാഹചര്യത്തിൽ ചെയ്യേണ്ടി വന്നതാണ്. അതുകൊണ്ട് ചെയർ ഇത് പ്രൊസീഡ് ചെയ്യാൻ അനുവദിക്കുകയാണ്. ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്യണം. പക്ഷേ അതിന്റെ പ്രധാന പോയിൻറ് മേലിൽ ഈ നിയമസഭ സമ്മേളിക്കാൻ നോട്ടീസ് നൽകിയതിനുശേഷം തൊട്ടടുത്ത ദിവസങ്ങളിൽ ഓർഡിനൻസ് കൊണ്ടുവരുന്നത് പ്രോപ്പർ അല്ല. മേലിൽ അത് ഉണ്ടായിരിക്കരുത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഒരു ദിവസം കേരളത്തിൽ റേഷൻ മുടങ്ങിക്കഴിഞ്ഞാൽ വരാവുന്ന അപകടമെന്താണെന്ന് അങ്ങ് ആലോചിക്കണം.

മി. സ്പീക്കർ : ഇത് ഒരു പ്രത്യേക സാഹചര്യമായതുകൊണ്ട് ഈ കാര്യത്തിൽ ചെയർ അനുവദിക്കുകയാണ്. പക്ഷേ മേലിൽ ഇത് ഒരു കീഴ്വഴക്കമായി എടുത്തുകൊണ്ട്, മേലിൽ സഭ സമ്മേളിക്കാൻ നോട്ടീസ് വന്നതിനുശേഷം ഓർഡിനൻസ് ഇറക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ട് പ്രൊപ്രൈറ്ററിയുടെ കാസ്റ്റിങ് വോട്ട് ഗവൺമെന്റ് കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമതു റിപ്പോർട്ട്

ശ്രീ. എം.എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി.കെ. വേലായുധൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly